# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *102      11/06/2019-ൽ മറുപടിക്ക്

## വിദ്യാഭ്യാസ സമിതിയുടെ ശിപാർശ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.സി. മമ്മത് കോയ**<br>**,, റ്റി.വി.രാജേഷ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ആന്റണി ജോൺ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വിദ്യാഭ്യാസ സമിതിയുടെ ശിപാർശയനുസരിച്ച് പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി, വി.എച്ച്. എസ്. ഇ. വിഭാഗങ്ങൾ ഭരണപരമായി ഏകീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു കൊണ്ടുണ്ടാകാനിടയുള്ള നേട്ടങ്ങൾ വിശദമാക്കാമോ; | എ) ഉണ്ട്.<br>സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. ഒരു യൂണിറ്റായി സ്കൂൾ മാറുമ്പോൾ ഉണ്ടാകുന്ന ഭരണപരമായ സൗകര്യങ്ങൾ അക്കാദമിക മികവിന് വഴിയൊരുക്കും. |
| ബി) ഇതുമായി ബന്ധപ്പെട്ട് അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; അധ്യാപകരുടെ സേവന-വേതനവ്യവസ്ഥകളിൽ പ്രതികൂലമായ എന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; അധ്യാപനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ ഉദ്ദേശിക്കുന്നുണ്ടോ; | ബി) അധ്യാപക-അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി 20.05.2019-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും 28.05.2019-ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ചർച്ചകൾ നടത്തിയിരുന്നു. അധ്യാപകരുടെ നിലവിലെ സേവന-വേതനവ്യവസ്ഥകളിൽ മാറ്റങ്ങൾ ഒന്നും തന്നെ നിർദ്ദേശിച്ചിട്ടില്ല. അധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ മേഖലയിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്കൂളുകളുടെ മേൽ ജനകീയ നിയന്ത്രണം വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) ഇല്ല.<br>സ്കൂളുകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. അത് കൂടുതൽ അർത്ഥവത്താക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ